പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*317 14/03/2018-ൽ മറുപടിക്ക്

## പ്രതിരോധ കുത്തിവയ്പ്പിനെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ടി.ബൽറാം | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നവരുടെ എണ്ണത്തിൽ കുറവ് വന്നതായി നീതി ആയോഗിന്റെ ആരോഗ്യസൂചികയിൽ സൂചിപ്പിച്ചിട്ടുണ്ടോ; | എ) | സൂചിപ്പിച്ചിട്ടുണ്ട്. |
| ബി) | 2015-16 ലെ പ്രസ്തുത സൂചിക അനുസരിച്ച് എത്ര ശതമാനം കുറവാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) | 2015-16 ൽ 0.9 ശതമാനത്തിന്റെ കുറവുള്ളതായി റിപ്പോർട്ടിൽ കാണുന്നു. |
| സി) | പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെ വ്യാപക പ്രചാരണം നടത്തുന്നത് ഇത്തരത്തിൽ കുറവ് വരുവാൻ കാരണമായിട്ടുണ്ടോ എന്നറിയിക്കാമോ; | സി) | വാക്സിനേഷന് എതിരെ ചിലർ വ്യാപക പ്രചരണം നടത്തുന്നത് ചില സ്ഥലങ്ങളിൽ വാക്സിനേഷൻ എടുക്കുന്ന കുട്ടികളുടെ ശതമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട് |
| ഡി) | വാക്സിനേഷന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ തലത്തിലും ബോധവൽക്കരണം നടത്തുന്നതിനും പ്രതിരോധ കുത്തിവയ്പ്പിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ? | ഡി) | കഴിഞ്ഞ MR വാക്സിനേഷന് മുന്നോടിയായി സമഗ്രമായ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുകയും പ്രസ്തുത ദൗത്യം വൻ വിജയമാക്കാനും കഴിഞ്ഞിട്ടുണ്ട്. ബോധവത്കരണ പരിപാടികൾ തുടരുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ